**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2877** **10-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2015 മുതൽ നാളിതുവരെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ എത്രപേർക്ക് പരുക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2015-16 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ പരിക്കേറ്റവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുണ്ട്; | (ബി) | 2015-16 മുതൽ 2024-25 (28.02.2025 വരെ) വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി 461.64 ലക്ഷം രൂപ നല്കാൻ അവശേഷിക്കുന്നുണ്ട്. യഥാസമയം അനന്തരാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ലഭ്യമാക്കാത്തതാണ് നഷ്ടപരിഹാര തുക നൽകുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള പ്രധാന കാരണം. |
| (സി) | പ്രസ്തുത കാലയളവിൽ ഇടുക്കി ജില്ലയിൽ കാട്ടാന ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; ഇവർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2015-16 മുതൽ 2024-25 (28.02.2025 വരെ) വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലയിൽ കാട്ടാനയുടെ മുന്നിൽ പെട്ട് 45 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 41 പേരുടെ അനന്തരാവകാശികൾക്ക് ചട്ടപ്രകാരം അനുവദനീയമായ നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. മരണപ്പെട്ട മറ്റ് മൂന്ന് പേരുടെ അനന്തരാവകാശികൾക്ക് ഒന്നാം ഘട്ടമായി അഞ്ച് ലക്ഷം രൂപ വീതം നല്കിയിട്ടുള്ളതും അനന്തരാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ അഞ്ച് ലക്ഷം രൂപ വീതം നൽകുന്നതുമാണ്.<br><br>2015-16 വർഷത്തിൽ മരണപ്പെട്ട ഒരാൾ ചന്ദനകേസ്സിലെ പ്രതിയായതിനാലും ടി കേസ് ബഹു. കോടതിയുടെ പരിഗണനയിലായതിനാലും നഷ്ടപരിഹാരം നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | പരിക്ക് പറ്റിയവരുടെ എണ്ണം |
|---|---|
| 2015-16 | 409 |
| 2016-17 | 798 |
| 2017-18 | 846 |
| 2018-19 | 765 |
| 2019-20 | 699 |
| 2020-21 | 988 |
| 2021-22 | 758 |
| 2022-23 | 1275 |
| 2023-24 | 1603 |
| 2024-25* | 1271 |

** 28/02/2025 വരെ ലഭ്യമായ കണക്കുകൾ പ്രകാരം*